ക്ഷീരകർഷകർക്ക് മലബാർ മിൽമയുടെ ഓണസമ്മാനം 5.04 കോടി

കോഴിക്കോട്: മലബാർ മിൽമ ക്ഷീര കർഷകർക്ക് ഓണസമ്മാനമായി ഇക്കുറി 5.04 കോടി രൂപ നൽകും. അധിക പാൽ വിലയായി 420 ലക്ഷം രൂപയും കാലിത്തീറ്റ സബ്സിഡിയായി 84 ലക്ഷം രൂപയുമാണ് ഈ ഓണക്കാലത്ത് നൽകുന്നത്. മലബാർ മേഖലയിലെ ഒരു ലക്ഷം വരുന്ന ക്ഷീര കർഷകരും 1200 പ്രാഥമിക ആനന്ദ് മാതൃക ക്ഷീര സംഘങ്ങളും ഈ ആനുകൂല്യത്തിന്റെ ഗുണഭോക്താക്കളാണ്. 2026 ജൂൺ ഒന്നുമുതൽ 30വരെ മേഖലാ യൂണിയന് ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾ വഴി നൽകിയ നിശ്ചിത ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് രണ്ടുരൂപ വീതമാണ് അധിക പാൽ വിലയായി നൽകുക. ഇക്കാലയളവിൽ സംഭരിച്ച 210 ലക്ഷം ലിറ്റർ പാലിന്റെ അധിക വിലയായി 4.20 കോടി രൂപ വരും ദിവസങ്ങളിൽ മലബാറിലെ ആറ് ജില്ലകളിലെ ക്ഷീര കർഷകരിലേക്കെത്തിച്ചേരും. മലബാർ മേഖലാ യൂണിയൻ ഭരണ സമിതി യോഗമാണ് തീരുമാനം കൈക്കൊണ്ടത്.

മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന ക്ഷീരസംഘങ്ങളിലൂടെ വിതരണം നടത്തുന്ന മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ, മിൽമ ബൈപ്രോ കാലിത്തീറ്റ എന്നിവയ്ക്ക് 50 കിലോ ചാക്കൊന്നിന് 100 രൂപ വീതവും എംആർഡിഎഫിന്റെ പെല്ലറ്റ് രൂപത്തിലുള്ള ടിഎംആർ കാലിത്തീറ്റ ചാക്കൊന്നിന് 50 രൂപ വീതവും ഓഗസ്റ്റ് മാസത്തിൽ സബ്സിഡി നൽകും. വിതരണം തടസപ്പെടുമ്പോൾ സംഘങ്ങൾ നേരിട്ടു വാങ്ങുന്ന സൈലേജിനും സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകർക്ക് കിലോഗ്രാമിന് 75 പൈസ വീതവും സംഘങ്ങൾക്ക് 25 പൈസ വീതവുമാണ് സബ്സിഡി ലഭിക്കുക. കാലിത്തീറ്റ സബ്സിഡിയിനത്തിൽ മാത്രം 84 ലക്ഷം രൂപയാണ് കർഷകരിലേക്കെത്തിച്ചേരുക. ഇതോടെ മേഖലാ യൂണിയൻ പാൽ വിലയ്ക്ക് പുറമെ ഈ സാമ്പത്തിക വർഷത്തിൽ മാത്രം അധിക പാൽ വിലയും കാലിത്തീറ്റ സബ്സിഡിയുമായി 10 കോടി രൂപ കർഷകർക്ക് കൈ മാറുകയാണ്.അധിക പാൽ വില തുക ഓഗസ്റ്റ് ഒന്നു മുതൽ 10 വരെയുള്ള പാൽ വിലയോടൊപ്പം ക്ഷീര സംഘങ്ങളുടെ അക്കൗണ്ടിലേക്ക് നൽകുമെന്നും സംഘങ്ങൾ ഈ തുക ഓണത്തിനു മുമ്പായി ക്ഷീരകർഷകർക്ക് കൈമാറുമെന്നും മിൽമ ചെയർമാൻ കെ.എസ്. മണി അറിയിച്ചു.

ബൈരക്കുപ്പ പാലം നിർമാണത്തിന് കർണാടക സർക്കാരിന്റെ അനുമതി

കൽപ്പറ്റ: ബൈരക്കുപ്പ പാലം നിർമാണത്തിന് കർണാടക സർക്കാരിന്റെ എൻഒസി (നിരാക്ഷേപ പത്രം) ലഭിച്ചതായി പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ അറിയിച്ചു. പൊതുമരാമത്ത് മന്ത്രി കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാറുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് അനുമതി ലഭിച്ചത്. പാലം നിർമാണവുമായി ബന്ധപ്പെട്ട് സംസ്ഥാന പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ കർണാടക സർക്കാരുമായി നേരത്തെ നടത്തിയ ചർച്ചയിൽ വിഷയം മന്ത്രിസഭാ യോഗത്തിൽ ഉന്നയിച്ച് നിർദേശങ്ങൾ നൽകുമെന്ന് അറിയിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് നിർമാണ പ്രവർത്തനത്തിന് അനുമതി ലഭിച്ചത്.

കേരളത്തിനും കർണാടകയ്ക്കും ഇടയിൽ വളരെ ക്കാലമായി മുടങ്ങിക്കിടക്കുന്ന അന്തർ സംസ്ഥാന പാലം വയനാട് ജില്ലയിലെ പെരിക്കല്ലൂരിനെയും മൈസൂരു ജില്ലയിലെ ബൈരക്കുപ്പയെയും ബന്ധിപ്പിക്കുന്നതാണ്. 36 വർഷം മുൻപാണ് പാലം നിർമാണത്തിന് തറക്കല്ലിട്ടത്. തുടർന്ന് 2002 മാർച്ച് 15ന് കേന്ദ്ര ഷിപ്പിംഗ്, റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം പദ്ധതിക്ക് അംഗീകാരം നൽകി. കേരളത്തിന്റെ ഭാഗത്ത് നിന്നുള്ള അപ്രോച്ച് റോഡ് ഇതിനകം പൂർത്തിയായിട്ടുണ്ട്. പദ്ധതി പൂർത്തീകരണം കർണാടകയിലെ അനുബന്ധ പാതയുടെ നിർമാണത്തെ ആശ്രയിച്ചായതിനാൽ കർണാടക പാതയിലെ അപ്രോച്ച് റോഡിന്റെ നിർമാണത്തിന് ഭൂമി ഏറ്റെടുക്കാനാവശ്യമായ പാരിസ്ഥിതിക അനുമതികൾ വേഗത്തിലാക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ കർണാടക സർക്കാരിന് നേരത്തെ കത്ത് നൽകിയ സാഹചര്യത്തിലാണ് പുതിയ തീരുമാനം.

പാലം യാഥാർഥ്യമായാൽ ദീർഘകാലമായുള്ള നിരവധി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുമെന്ന് മന്ത്രി പറഞ്ഞു. പുൽപ്പള്ളി, സുൽത്താൻ ബത്തേരി, കൽപ്പറ്റ, കോഴിക്കോട് ഭാഗങ്ങളുമായി മൈസൂരുവിനെയും ബംഗളൂരുവിനെയും നേരിട്ട് ബന്ധിപ്പിക്കുന്ന ബദൽ പാതയായി പാലം പ്രവർത്തിക്കും. നിലവിൽ ദേശീയപാത 766 ൽ ബന്ദിപ്പൂര വനമേഖലയിൽ നിലവിലുള്ള രാത്രി യാത്രാ നിയന്ത്രണങ്ങൾ മറികടന്ന് ഗതാഗതം സുഗമമാക്കാനും സഹായകമാകും. ബംഗളൂരുവിനും സുൽത്താൻ ബത്തേരിക്കും ഇടയിലുള്ള യാത്രാ ദൂരം ഏകദേശം 40 കിലോമീറ്റർ കുറയ്ക്കുന്നതോടൊപ്പം യാത്രാ സമയം ലാഭിക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

സിഎച്ച് ചെയർ വികസന ശിൽപശാല

തേഞ്ഞിപ്പലം: കാലിക്കട്ട് സർവകലാശാല സി.എച്ച്. മുഹമ്മദ് കോയ ചെയർ 'കേരളവും മലബാറും തമ്മിലുള്ള വികസനത്തിലെ അസന്തുലിതത്വം' എന്ന വിഷയത്തിൽ ശിൽപശാല സംഘടിപ്പിക്കും. ഓഗസ്റ്റ് എട്ടിന് രാവിലെ പത്തിന് സർവകലാശാലാ ഇഎംഎസ് സെമിനാർ കോംപ്ലക്സിൽ നടക്കുന്ന പരിപാടി ഗതാഗത മന്ത്രി സി.പി. ജോൺ ഉദ്ഘാടനം ചെയ്യും.

ടി.വി. ഇബ്രാഹിം എംഎൽഎ അധ്യക്ഷത വഹിക്കും. ചെയർ വിസിറ്റിംഗ് പ്രഫസർ ഡോ. ജി. മോഹൻ ഗോപാൽ മുഖ്യപ്രഭാഷണം നടത്തും. പൊതുചെലവഴിക്കലിന്റെ അസന്തുലിതത്വം, ഉന്നത വിദ്യാഭ്യാസം, മത്സ്യബന്ധനം എന്നീ രംഗങ്ങളിലെ നിലവിലെ അവസ്ഥയും പരിഹാരങ്ങളും ശിൽപശാലയിൽ ചർച്ച ചെയ്യും.

കേന്ദ്ര സർവകലാശാല ഡീൻ ഡോ. അമൃത് ജി. കുമാർ, വേങ്ങര മലബാർ കോളജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് പ്രിൻസിപ്പൽ ഡോ. സെയ്തലവി ചീരങ്ങോട്ട്, മലബാർ എഡ്യൂക്കേഷൻ മൂവ്മെന്റ് ചെയർമാൻ ഡോ. കെ.എം. നാസർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ജോസ് സെബാസ്റ്റ്യൻ, സി.എച്ച്. ചെയർ കമ്യൂണിറ്റി എൻഗേജ്മെന്റ് ഫെലോ ഡോ. സയ്യിദ് ഷാക്കിർ, കേരള മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി എം.പി അബ്ദുൾ റാസിഖ് തുടങ്ങിയവർ വിവിധ സെഷനുകൾ അവതരിപ്പിക്കും.

പങ്കെടുക്കുന്നവർ 9847648664 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യണം.

പത്രപ്രവർത്തകരുടെ ആവശ്യം പരിശോധിക്കും: നിർമല സീതാരാമൻ

ന്യൂഡൽഹി: വിരമിച്ച മാധ്യമപ്രവർത്തകരുടെ ജോലിസാഹചര്യങ്ങളും ക്ഷേമവും പെൻഷനും അവകാശങ്ങളും സംരക്ഷിക്കുന്നതിനുള്ള സീനിയർ ജേർണലിസ്റ്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (എസ്ജെഎഫ്ഐ) നിർദേശങ്ങൾ പരിശോധിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ.

ദേശീയ മാധ്യമ കമ്മീഷൻ രൂപീകരണം, രാജ്യവ്യാപക പെൻഷൻ പദ്ധതി, സിജിഎച്ച്എസ് മാതൃകയിലുള്ള ആരോഗ്യപരിരക്ഷാ സൗകര്യങ്ങൾ, കേന്ദ്രാവിഷ്കൃത ക്ഷേമനിധി തുടങ്ങിയ ആവശ്യങ്ങളടങ്ങിയ നിവേദനം മന്ത്രിമാരായ നിർമലയ്ക്കും അശ്വനി വൈഷ്ണവിനും എസ്ജെഎഫ്ഐ ദേശീയ എക്സിക്യൂട്ടീവ് അംഗവും ഡൽഹി സീനിയർ ജേർണലിസ്റ്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുമായ ജോർജ് കള്ളിവയലിൽ സമർപ്പിച്ചു. എൻ.കെ. പ്രേമചന്ദ്രൻ എംപിയും ഒപ്പമുണ്ടായിരുന്നു.

പ്രധാനമന്ത്രി നരേന്ദ്ര മോദി, പ്രതിപക്ഷ നേതാക്കളായ മല്ലികാർജുൻ ഖാർഗെ, രാഹുൽ ഗാന്ധി തുടങ്ങിയവർക്കും നിവേദനം നൽകി.

വടകര എംഡിഎംഎ കേസ്: അധ്യാപികയുടെയും എസ്ഐടിയുടെയും ഹർജിയിൽ തീരുമാനം ഇന്ന്

വടകര: എംഡിഎംഎ കേസിൽ റിമാൻഡിൽ കഴിയുന്ന അധ്യാപിക കീർത്തനയെ കസ്റ്റഡിയിൽ വിട്ടുകിട്ടണമെന്ന പ്രത്യേക അന്വേഷണ സംഘത്തിന്റെ ഹർജിയിൽ തീരുമാനം ഇന്ന്. കീർത്തന നൽകിയ ജാമ്യഹർജിയിലും ഇന്ന് വടകര എൻഡിപിഎസ് കോടതിയുടെ തീരുമാനമുണ്ടാവും. കേസിൽ ആദ്യം പിടിയിലായ സഫ്വാനും ജാമ്യഹർജി സമർപ്പിച്ചിട്ടുണ്ട്. പൊലിസ് കസ്റ്റഡി അപേക്ഷ നൽകിയ സാഹചര്യത്തിൽ കീർത്തനയെ ഇന്ന് ഹാജരാക്കാൻ കോടതി പ്രൊഡക്ഷൻ വാറന്റ് പുറപ്പെടുവിച്ചു.

സഫ്വാനും കീർത്തനക്കും പുറമെ അധ്യാപികമാരായ കാവ്യ, നീഷ്മ, ഡെലിവറി ബോയി ഇരിട്ടി സ്വദേശി ജിജിൽ കുര്യാക്കോസ് എന്നിവരും റിമാൻഡിൽ കഴിയുകയാണ്. കീർത്തനയെ ചോദ്യം ചെയ്ത് കൂടുതൽ വിവരം തേടാനാണ് പൊലിസ് ശ്രമം. ആവശ്യമെങ്കിൽ മറ്റുള്ളവരേയും കസ്റ്റഡിയിൽ വാങ്ങും. അതേ സമയം മുഖ്യപ്രതിയെ പിടികൂടാനുള്ള ഊർജിത ശ്രമത്തിലാണ് പൊലിസ്. വയനാട് പുൽപ്പള്ളി സ്വദേശിയായ ഇയാൾ സംസ്ഥാനം വിട്ടതായാണ് സൂചന. വിദേശത്തേക്ക് കടക്കുന്നത് തടയാൻ ലുക്ക്ഔട്ട് നോട്ടീസ് പുറത്തിറക്കാനാണ് പൊലിസിന്റെ നീക്കം. പ്രതികളുടെ ബാങ്ക് രേഖകൾ പരിശോധിച്ച പൊലിസ് കൂടുതൽ പേർ ഇടപാടിൽ പങ്കാളികളായിട്ടുണ്ടെന്ന സൂചന നൽകുന്നുണ്ട്.

ജൂൺ 28നാണ് വടകരയിൽ നിന്ന് ഓട്ടോ ഡ്രൈറായ സഫ്വാൻ രണ്ടരഗ്രാം എംഡിഎംഎയുമായി പിടിയിലായത്. ഇയാളെ ചോദ്യം ചെയ്തതിലൂടെയാണ് അധ്യാപികമാരുടെ പങ്ക് വ്യക്തമായത്. പേരാമ്പ്ര ബിആർസിയിലെ മൂന്ന് അധ്യാപികമാരാണ് കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായത്.

ദ്വിദിന തൊഴിൽമേള സംഘടിപ്പിച്ചു

തേഞ്ഞിപ്പലം: കാലിക്കട്ട് സർവകലാശാലാ അറബിക് പഠനവകുപ്പും ഇവൈ ഗ്ലോബൽ ഡെലിവറി സർവീസസും മെനബി സിനസ് കൺസൽട്ടിംഗുമായി സഹകരിച്ച് ദ്വിദിന തൊഴിൽമേള സംഘടിപ്പിച്ചു.

ഭാഷാവിഭാഗം മുൻ ഡീൻ ഡോ. എ.ബി. മൊയ്തീൻകുട്ടി തൊഴിൽമേള ഉദ്ഘാടനം ചെയ്തു. പഠനവകുപ്പ് മേധാവി ഡോ. ടി.എ. അബ്ദുൽ മജീദ് അധ്യക്ഷത വഹിച്ചു. പഠനവകുപ്പ് പ്ലേസ്മെന്റ് സെൽ കോ - ഓർഡിനേറ്റർ ഡോ. ജി.പി. മുനീർ തൊഴിൽമേളയുടെ ലക്ഷ്യങ്ങളും ക്രമീകരണങ്ങളും വിശദീകരിച്ചു. ഇവൈജിഡിഎസ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺ ഫ്രാൻസിസ് മുഖ്യപ്രഭാഷണം നടത്തി.

നൃത്താധ്യാപികയുടെ കൊലപാതകം: തേഞ്ഞിപ്പലം സ്വദേശിയായ യുവാവ് അറസ്റ്റിൽ

തേഞ്ഞിപ്പലം: തൃശൂർ ചെറുതുരുത്തിയിൽ നൃത്താധ്യാപികയായ സുഹൃത്തിനെ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തിയ കേസിൽ തേഞ്ഞിപ്പലം സ്വദേശിയായ യുവാവ് അറസ്റ്റിൽ. തേഞ്ഞിപ്പലം ചെനക്കലങ്ങാടി ചീനക്കനാരി സ്വദേശി വിഗീഷാണ് (39) പോലീസിൽ കീഴടങ്ങിയത്. ഏഴുവർഷത്തോളമായി സുഹൃത്തായിരുന്ന നൃത്താധ്യാപിക മലപ്പുറം കണ്ണംകുളങ്ങര തീണ്ടേക്കാട് സ്വദേശിനിയായ ധനലക്ഷ്മിയെ (56)കൊലപ്പെടുത്തിയ കേസിലാണ് അറസ്റ്റ്. ഇന്നലെ ഉച്ചയോടെ തേഞ്ഞിപ്പലം പോലീസിൽ കീഴടങ്ങിയ പ്രതിയെ ചെറുതുരുത്തി പോലീസിന് കൈമാറുകയായിരുന്നു. കെട്ടിടനിർമാണ കരാറുകാരനായ പ്രതി വിഗീഷ് പോലീസ് സ്റ്റേഷനിൽ കീഴടങ്ങിയപ്പോഴാണ് കൊലപാതക വിവരം പുറത്തറിയുന്നത്. ചൊവ്വാഴ്ച പുലർച്ചെ രണ്ടിന് കൊലപാതകം നടത്തിയെന്നാണ് പ്രതിയുടെ മൊഴി. വിവാഹം കഴിക്കാൻ നിർബന്ധിച്ചതിനെ തുടർന്നുണ്ടായ വാക്കുതർക്കവും കൈയേറ്റവും കൊലപാതകത്തിൽ കലാശിക്കുകയായിരുന്നു. കൊലപാതകശേഷം ഇന്നലെ പുലർച്ചെ അഞ്ചോടെയാണ് പ്രതി ചെറുതുരുത്തിയിലെ ഹോട്ടലിൽ നിന്നിറങ്ങിയത്. ട്രെയിൻ മാർഗം പരപ്പനങ്ങാടിയിലെത്തി. തുടർന്ന് ബസിൽ ചേളാരിയിൽ എത്തിയ പ്രതി വിവരം വീട്ടുകാരെയും സുഹൃത്തുക്കളെയും ഫോണിൽ വിളിച്ച് അറിയിക്കുകയായിരുന്നു. തുടർന്നാണ് തേഞ്ഞിപ്പലം പോലീസിൽ കീഴടങ്ങിയത്. കൊല്ലപ്പെട്ട ധനലക്ഷ്മിക്ക് 20ഉം, 25ഉം വയസുള്ള മക്കളുണ്ട്.

അറസ്റ്റിലായ വിഗീഷ്

നാലു വയസുകാരിയെ പീഡിപ്പിച്ചു കൊന്ന കേസിൽ യുവാവ് ആറു വർഷത്തിനുശേഷം അറസ്റ്റിൽ

പാലക്കാട്: റെയിൽവേ സ്റ്റേഷൻ പരിസരത്ത് നാലു വയസുകാരി ലൈംഗികാതിക്രമത്തിന് ഇരയായി കൊല്ലപ്പെട്ട കേസിൽ ജാമ്യത്തിലിറങ്ങി മുങ്ങിയ ഒന്നാംപ്രതി സുരേഷ് എന്ന റഹീം (32) ആറു വർഷത്തിനുശേഷം പിടിയിൽ.

തമിഴ്നാട്ടിൽനിന്നാണു പാലക്കാട് ടൗൺ നോർത്ത് പോലീസ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. 2019 ഫെബ്രുവരിയിലായിരുന്നു കേസിനാസ്പദമായ സംഭവം.

റെയിൽവേ സ്റ്റേഷൻ പരിസരത്തു തമ്പടിച്ച നാടോടിസംഘത്തിലെ പെൺകുട്ടിയാണ് ആക്രമണത്തിനിരയായി മരിച്ചത്. പാലക്കാട് റെയിൽവേ സ്റ്റേഷനു സമീപത്തെ റെയിൽവേ ട്രാക്കിൽ ചാക്കിൽ പൊതിഞ്ഞ നിലയിലാണു കുട്ടിയുടെ മൃതദേഹം കണ്ടെത്തിയത്. തുടർന്ന് ടൗൺ നോർത്ത് പോലീസ് നടത്തിയ അന്വേഷണത്തിലാണു കേസ് തെളിഞ്ഞത്. കേസിലെ മുഖ്യപ്രതിയായ റഹീം ജാമ്യത്തിലിറങ്ങിയശേഷം ഒളിവിൽപോകുകയായിരുന്നു.

വർഷങ്ങളായി പിടികിട്ടാപ്പുള്ളിയായി തുടരുന്നതിനിടെ ചൊവ്വാഴ്ച രാത്രി തഞ്ചാവൂർ കൊരടച്ചേരി പോലീസ് സ്റ്റേഷൻ പരിധിയിലെ റെയിൽവേ സ്റ്റേഷൻ പരിസരത്തുവച്ചാണ് പ്രത്യേക അന്വേഷണസംഘം ഇയാളെ കസ്റ്റഡിയിലെടുത്തത്. പാലക്കാട് ജില്ലാ പോലീസ് മേധാവി അബ്ദുൾ റാഷിയുടെ നിർദേശപ്രകാരം പാലക്കാട് ഡിവൈഎസ്പി ശശിധരന്റെ മേൽനോട്ടത്തിലായിരുന്നു പ്രത്യേക അന്വേഷണം. പാലക്കാട്ടെത്തിച്ച പ്രതിയെ തുടർ നിയമനടപടികൾ പൂർത്തിയാക്കി കോടതിയിൽ ഹാജരാക്കി.

മാർക്കറ്റ്

കോഴിക്കോട്

വെളിച്ചെണ്ണ	27100	**ചൂടി**	
കൊപ്ര		കൊയിലാണ്ടി -1	9100
എടുത്തപടി	17300	കൊയിലാണ്ടി -2	8300
റാസ്	16900	ബേപ്പൂർ -1	6500
ദിൽപസന്ത്	17400	ബേപ്പൂർ - 2	6000
രാജപ്പൂർ	27000	**കുരുമുളക്**	
ഉണ്ട	22000	പുതിയത്	
പിണ്ണാക്ക്		നാടൻ	66000
റോട്ടറി	3700	ചേട്ടൻ	67500
എക്സ്പല്ലർ	3100	വയനാടൻ	68500
പച്ചത്തേങ്ങ	5600	**ചുക്ക്**	30000-32500
വടകര		**മഞ്ഞൾ**	8000
കൊട്ടത്തേങ്ങ	19300 -21300	**അടയ്ക്ക**(പുതിയത്)	36400
ചെറിയ		**റബർ**	
കൊട്ടത്തേങ്ങ	20300-21300	ഗ്രേഡ്-4	28000
വലിയ		ഗ്രേഡ്-5	25000
കൊട്ടത്തേങ്ങ	23300-25300	**ഒട്ടുപാൽ**	15500

വയനാട്

കുരുമുളക്		നേന്ത്രക്കായ(ക്വിന്റൽ)	4600
വയനാടൻ(ക്വിന്റൽ)	70,000	ഇഞ്ചി പുതിയത് (60 കിലോ)	
ചേട്ടൻ (ക്വിന്റൽ)	69000		5500
നെല്ല്		കാപ്പി ഉണ്ട(54 കിലോ)	
മട്ട (ക്വിന്റൽ)	2500		11800
വെള്ള (ക്വിന്റൽ)	2400	പരിപ്പ് (ക്വിന്റൽ)	
റബർ (ക്വിന്റൽ)	28100		39000

സംവരണ പട്ടിക പുതുക്കാത്തതിനെതിരേ കോടതിയലക്ഷ്യ ഹർജി

കൊച്ചി: സംവരണ ആനുകൂല്യം പിന്നാക്കവിഭാഗങ്ങളിലെ അർഹരായവർക്ക് മുഴുവൻ ലഭിക്കുംവിധം സംവരണ പട്ടിക കാലോചിതമായി പുതുക്കാനുള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കാത്തതിനെതിരേ കോടതിയലക്ഷ്യ ഹർജി. പിന്നാക്ക വിഭാഗങ്ങളിലെ അർഹരായവർക്ക് മുഴുവൻ സംവരണ ആനുകൂല്യം ലഭിക്കുംവിധം സംവരണപ്പട്ടിക പുതുക്കാൻ സാമൂഹിക, സാമ്പത്തിക സർവേ നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന 2010ലെ ഹൈക്കോടതി ഉത്തരവ് നടപ്പാക്കാത്തതിനെതിരേ മൈനോറിറ്റി ഇന്ത്യൻസ് പ്ലാനിംഗ് ആൻഡ് വിജിലൻസ് കമ്മീഷൻ ട്രസ്റ്റാണ് കോടതിയലക്ഷ്യ ഹർജി നൽകിയിരിക്കുന്നത്.

'സ്മാർട്ട്' പദ്ധതിയുമായി 'കേര'

തിരുവനന്തപുരം: കേരളത്തിലെ കാർഷിക-ഭക്ഷ്യ സംസ്കരണ മേഖലയെ കൂടുതൽ മത്സരക്ഷമമാക്കി മാറ്റുന്നതിനുള്ള സുപ്രധാന ചുവടുവയ്പായി ലോകബാങ്ക് സഹകരണത്തോടെ കൃഷിവകുപ്പ് നടപ്പാക്കുന്ന കേര (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ) പ്രോജക്ടിന്റെ ഭാഗമായി 'സ്മാർട്ട്' പദ്ധതിക്ക് ഔദ്യോഗിക തുടക്കമായി. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ കേര സ്മാർട്ട് പദ്ധതിയുടെ ലോഗോ മുഖ്യമന്ത്രി വി. ഡി. സതീശൻ പ്രകാശനം ചെയ്തു. സംസ്ഥാനത്തെ അഗ്രി-ഫുഡ് രംഗത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ആധുനിക സാങ്കേതികവിദ്യ, ഹരിത വികസനം, വിപണി വികസനം, മൂല്യവർധിത ഉത്പാദനം എന്നിവയിലൂടെ പുതിയ വളർച്ചയിലേക്കു നയിക്കുന്ന പദ്ധതിയായിരിക്കും കേര സ്മാർട്ട് എന്ന് മുഖ്യമന്ത്രി പറഞ്ഞു. കാർഷികോത്പന്നങ്ങൾ ആധുനിക രീതിയിൽ സംസ്കരിച്ച് ആഭ്യന്തര-കയറ്റുമതി വിപണികളിലേക്ക് എത്തിക്കാൻ ശേഷിയുള്ള അഗ്രി-ഫുഡ് എംഎസ്എംഇകളെ സാമ്പത്തികമായും സാങ്കേതികമായും ശക്തീകരിക്കുന്നതിനായി ഒരു സംരംഭത്തിന് പരമാവധി 1.5 കോടി രൂപ വരെ ഗ്രാന്റ് ലഭ്യമാക്കും. കുറഞ്ഞത് മൂന്ന് വർഷമായി കേരളത്തിൽ പ്രവർത്തിക്കുന്നതും മികച്ച വികസന സാധ്യതയുള്ളതുമായ എംഎസ്എംഇ യൂണിറ്റുകൾക്കാണ് ആനുകൂല്യം ലഭിക്കുക. പദ്ധതിയുടെ വിശദമായ മാർഗനിർദേശങ്ങളും വിവരങ്ങളും smartkera.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. ഇതിനായി സജ്ജമാക്കിയിട്ടുള്ള ഔദ്യോഗിക അഗ്രി-എംഎസ്എംഇ പോർട്ടലായ smartkera.kerala.gov.in/msme വഴി സംരംഭകർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരത്തെ വഴുതക്കാടുള്ള കേരയുടെ സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായോ കോട്ടയം, തൃശൂർ, കണ്ണൂർ റീജണൽ ഓഫീസുകളുമായോ ബന്ധപ്പെടാം. ഫോൺ: 9037824033.

താത്പര്യപത്രം ക്ഷണിച്ചു

കേരള നിയമസഭയുടെ 2027 വർഷത്തേക്കുള്ള ഡയറികൾ അച്ചടിച്ച് നൽകുന്നതിനായി താത്പര്യപത്രം ക്ഷണിച്ചു. താത്പര്യപത്രം 13.08.2026 ന് ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് മുൻപായി 'സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം - 695033' എന്ന വിലാസത്തിലോ researchkla@gmail.com എന്ന ഇ- മെയിൽ വിലാസത്തിലോ ലഭ്യമാക്കുക. വിശദാംശങ്ങൾ www. niyamasabha.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0471 2512079, 2512019.

(ഒപ്പ്) ഷാജി സി.ബേബി
സെക്രട്ടറി- ഇൻ-ചാർജ്.

134/F4/2026/I&PRD

R2609-599406

കിൽകോത്തഗിരി ആൻഡ് തിരുമ്പാടി പ്ലാൻറ്റേഷൻസ് ലിമിറ്റഡ്
CIN: U01116KL1919PLC017342
രജിസ്റ്റേർഡ് ഓഫീസ്, തിരുമ്പാടി എസ്റ്റേറ്റ്, മുക്കം പോസ്റ്റ്.
ഫോൺ നമ്പർ: 0422-4361340 മൊബൈൽ: 9544724593
കോഴിക്കോട്, കേരളം - 673002.
ഇ-മെയിൽ: treestate@kktrc.com വെബ്: www.kktrc.com

ഷെയർഹോൾഡർമാർക്കുള്ള അറിയിപ്പ്

കമ്പനിയുടെ 107-ാമത് വാർഷിക പൊതുയോഗം (എജിഎം) 2026 സെപ്റ്റംബർ 2-ാം തിയതി ബുധനാഴ്ച രാവിലെ 11.30നു കമ്പനിയുടെ തിരുമ്പാടി എസ്റ്റേറ്റ്, മുക്കം പോസ്റ്റ്, കോഴിക്കോട് ജില്ല - 673602 എന്ന വിലാസത്തിലുള്ള രജിസ്ട്രേഡ് ഓഫീസിൽ 2026 ജൂൺ 9-ാം തിയ്യതിയിലെ എജിഎമ്മിന്റെ അറിയിപ്പിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന ബിസിനസ്സ് ഇടപാടുകൾ നടത്തുന്നതിനുള്ള നോട്ടീസ് 2026 ജൂലായ് 24 വരെ കമ്പനിയുടെ ഓഹരികൾ കൈവശമുള്ള അംഗങ്ങൾക്ക്, ഫിസിക്കൽ മോഡിൽ ഷെയറുകൾ കൈവശമുള്ള അംഗങ്ങൾക്ക് തപാൽ വഴിയും ഡിപി/കമ്പനി മുഖാന്തിരം വിലാസം രേഖപ്പെടുത്തിയ അംഗങ്ങൾക്ക് ഇ-മെയിൽ വഴിയും അയച്ചിട്ടുണ്ട്.

ഒരു അംഗത്തിന് കമ്പനിയുടെ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാനും വോട്ടുചെയ്യാനും അവകാശമുണ്ട്. തനിക്കു പകരം ഒരു പ്രോക്സിയെ പൊതുയോഗത്തിൽ പങ്കെടുക്കാനും വോട്ടു ചെയ്യാനും നിയമിക്കാൻ അർഹതയുണ്ട്. പ്രോക്സി കമ്പനിയുടെ ഒരു അംഗമാകണമെന്ന് നിർബന്ധമില്ല.

ബോർഡിന്റെ ഉത്തരവ് പ്രകാരം
കിൽകോത്തഗിരി ആൻഡ് തിരുമ്പാടി
പ്ലാൻറ്റേഷൻസ് ലിമിറ്റഡിനു വേണ്ടി
എം.കെ.പട്വാരി
(DIN: 03444886)

സ്ഥലം: കോഴിക്കോട്
തീയതി: 1 ഓഗസ്റ്റ് 2026 മുഴുവൻ സമയ ഡയറക്ടറും സിഇഒയും

T2608-599431

Muthoot MCred Limited
(Formerly known as Muthoottu Mini Financiers Ltd.)
Registered Office: 65/623-K, Muthoottu Royal Towers, Kaloor, Kochi, Kerala - 682017
www.muthootmcred.com | 0484-2912100 | auction@muthootmcred.com

CIN: U65910KL1998PLC012154 GSTIN: 32AABCM5994M1Z0

GOLD AUCTION NOTICE

ആവർത്തിച്ചുള്ള അറിയിപ്പുകൾ നൽകിയിട്ടും കുടിശിക തിരിച്ചടയ്ക്കാത്തതിനാൽ, താഴെ പറയുന്ന ശാഖകളിൽ വായ്പയ്ക്കായി പണയം വച്ച സ്വർണാഭരണങ്ങൾ, ലേലം ചെയ്യുന്നതാണെന്ന് പൊതുജനങ്ങളെയും വായ്പ എടുത്തവരെയും ഇതിനാൽ അറിയിക്കുന്നു.

**CALICUT DISTRICT AUCTION: MUTHOOT MCRED LIMITED., NISHAN COMPLEX ,OPP. KSFE ,CIVI